ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി മണ്ഡലത്തിൽ പയ്യനാട്, തോട്ടുപൊയിൽ, കാരേപ്പറമ്പ് പ്രദേശങ്ങളിലെ പി.എം. റൂട്ടുകൾ നിറുത്തലാക്കിയതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കൾ എം.എൽ.എ. അവർകൾ 13-12-2004-ൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ച പരാതി ലഭിച്ചിരുന്നു.

(സി, ഡി ആന്റ് ഇ) മലബാർ മേഖലാ യൂണിയൻ ഭരണസമിതി യോഗ (18-10-2004) തീരുമാനമനുസരിച്ച് പാൽ സംഭരണത്തിന് യൂണിയന് ഒരു കിലോ ഗ്രാം പാലിന് വഹിക്കാവുന്ന പരമാവധി ചെലവ് ഒരു രൂപ അമ്പത്തിയഞ്ച് പൈസയായി തീരുമാനിക്കുകയും അതിൽ കൂടുതൽ ചെലവുകൾ വന്നിരുന്ന ആമയൂർ (2 രൂപ 26 പൈസ), തുവൂർ (3 രൂപ 33 പൈസ) പി. എം. റൂട്ടുകൾ 1-12-2004 മുതൽ നിർത്തലാക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതിയും, പ്രസ്തുത റൂട്ടിലെ സംഘങ്ങൾ പാൽസംഭരണം വർദ്ധിപ്പിക്കാം എന്ന് ഉറപ്പു നൽകിയതും പരിഗണിച്ച് 2005 ജനുവരി ഒന്നു മുതൽ സംഭരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ എല്ലാ പാൽ സൊസൈറ്റികളും ശേഖരിക്കുന്ന മുഴുവൻ പാലും മിൽമ സ്വീകരിക്കുന്നുണ്ട്.

പയ്യട്ടം മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

130 [448] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പഞ്ചായത്തിൽ പയ്യട്ടത്തുള്ള മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാത്തതുമൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഈ മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) 9-1-2002 മുതൽ തന്നെ ഇരണാവ് എന്ന സ്ഥലത്തുള്ള ഈ മൃഗാശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly